


T61
C47

# അമൃതവീചി.

DHARMARAM COLLEGE LIBRARY.
23398
BANGALORE.

BY

C. K. P.

PUBLISHERS,

SRI RAMA VILAS PRESS,
TRIVANDRUM.

1962.

പകർപ്പവകാശം പ്രസാധകക്ക്.

S.P.C.S. LTD. NATIONAL BOOK STALL. KOTTAYAM

# അമൃതവീചി.

## ശ്രീചിത്രമംഗളം

കമലപ്പെൺ കൊടിയുടെ
കനിവലർച്ചെടിയുടെ
കമനീയ കലികകൾ
വിടൎന്ന പോലെ;

പരശത യശസ്സിന്റെ
പരിണത മഹസ്സിന്റെ
പരിമൃദുതരംഗങ്ങ-
ളുയർന്നപോലെ;

പല പല സുകൃതൈക
സുലളിത സുഷമകൾ
പരിലസിക്കുമീവഞ്ചി
വസുമതിയെ;

പുകളിൻെറ പുളകങ്ങ-
ളണിയിച്ച പുരുമോദം
പുലത്തിട്ടം ലസൽചിത്ര
പുണ്യതാരമേ!

ജയിക്ക നീ; ജയിക്ക നീ;—
ജഗത്തിൽ നിൻ മഹനീയ
ജയപതാകകൾ പാറി-
പ്പറന്നീടട്ടേ!

അനുദിനം തവോൽക്കർഷ-
കിരണങ്ങളവനിയി-
ലനുപമസുഖാമൃതം
തളിച്ചീടട്ടേ!

അവശതയകന്നക-
ന്നഖിലരും രമിക്കട്ടേ!
തവ ചെങ്കോൽത്തണലിലെ-
ത്തളിർ വിരിപ്പിൽ!

വെൽക വെൽക വഞ്ചിനാട്ടിൻ-
ഭാഗ്യരത്നപ്രകാണ്ഡമേ
വെൽക, വെൽക, പുണ്യ ചിത്ര-
താരകമേ നീ!

# വികാസം! വികാസം!

---

അയ്യോ, വികാസം, വികാസം!—തളന്നു ഞാൻ
വയ്യെനി,ക്കെന്നെപ്പുണരു വികാസമേ!

സന്ധ്യാവിലാസംമറഞ്ഞു; നിബിഡമാ-
മന്ധകാരത്താലിരുണ്ടു നഭസ്ഥലം

നിഷ്ഫലവാഞ്ഛകളൊക്കെയും നീഡത്തി-
ലുൾപ്പൂക്കൊതുങ്ങി മയങ്ങിയുറക്കമായ്!

ദുഃഖഗാനംപോൽ മനോഹരമാം ചില
നക്ഷത്രമങ്ങിങ്ങുദിച്ചുവെന്നാകിലും

മാറിടുന്നില്ല, നശിച്ചമാമൂലിൻെറ
മാറാലപോൽവന്നു മൂടിയക്രൂരിരുൾ!

എങ്ങാവികാസം, വികാസം?—വികാസമേ,
വന്നീടുകൊന്നീ മുകുള മുഖത്തു നീ!

ഇത്രയുംകാലം കുടിച്ചമദ്യത്തിൻെറ
ഹൃദ്യമധുരിമപോലും മറന്നിതാ

സ്വപ്നത്തിൽനിന്നുമുണന്നിരിക്കുന്നു ഞാൻ
സ്വച്ഛചൈതന്യമേ, നിന്നെപ്പുണരുവാൻ!

നിന്നെഞാൻകാൺമൂ വിഹഗസ്വരങ്ങളിൽ
നിന്നെഞാൻകേൾക്കുന്നു നക്ഷത്രരാശിയിൽ

സ്പർശിപ്പൂനിന്നെസ്സുഗന്ധത്തിലൂടെ ഞാൻ
നിർഭയമെന്നിട്ടൊളിച്ചുകളിപ്പൂനീ!

എന്നിലൊതുങ്ങും പ്രപഞ്ചത്തിലൊക്കെയും
നിന്നെയന്വേഷിച്ചലഞ്ഞു ഞാൻനിഷ്ഫലം

എൻനിഴൽ നിന്നെമറച്ചുപിടിക്കയാൽ
നിന്നെഞാൻ കണ്ടില്ലടുത്തു നി നിൽക്കിലും!

മൃത്യുവിൻ ശൂന്യാന്ധകാരത്തിനപ്പുറ-
മനുഭവിക്കും നിൻെറ കാലടിയൊച്ചകൾ

രോമഹർഷത്തിൽ പൊതിയുകയാണെന്നെ-
യോമനിച്ചോമനിച്ചോരോ നിമേഷവും!

നിത്യതകൊണ്ടൊരു പൂമാലയിട്ടിനി
നിസ്തുലപ്രേമമേ, കൈക്കൊള്ളുകെന്നെ നീ!

അയ്യോ, വികാസം, വികാസം—തളർന്നു ഞാൻ
വയ്യെനി,ക്കെന്നെപ്പുണരൂ, വികാസമേ!!...

## വെളിച്ചത്തിലേക്കു്.

---

നിത്യകല്യാണ നിർവൃതിയുടെ
മുത്തുമാലയും ചാരത്തിനീ

ഇത്തിമിരപ്പടപ്പിലെത്തുകെൻ
സ്വർഗ്ഗലോകപ്രകാശമേ!

തപ്തജീവിത കുഞ്ജകത്തിലി-
പ്പുഷ്പതല്പമൊരുക്കി ഞാൻ

താവകാഗമം കാത്തു കാത്തിട-
മാവസിക്കയാണോമലേ!

*  *  *

മന്ദമന്ദം ലയിക്കുകയാണി-
ന്നെന്നിലേയ്ക്കിച്ചരാചരം

ആയതിൻ സർവ്വസങ്കടങ്ങളു-
മാശകളും നിരാശയും

ഒത്തുചേൎന്ന മധുരമാമൊരു
ദുഃഖസംഗീത നിർഝരം

എന്നിൽനിന്നും പതഞ്ഞു പൊങ്ങുന്നു
ദുൎന്നിവാര പ്രവാഹമായ്!

*  *  *

ഭാവനയുടെ ചക്രവാളത്തിൽ
താവിയ സാന്ധ്യദീപ്തിയിൽ,

കണ്ടു ഞാൻ തവ പാദകുങ്കുമം
ചിന്തിയ നടപ്പാതകൾ

ജീവിത തീർത്ഥയാത്രയിലിന്നെൻ
താവളത്തിലിരുന്നു, ഞാൻ

എന്തിനോ വീണ്ടും മീട്ടിനോക്കുന്നു
തന്ത്രിയററൊരീ വീണയെ!

കണ്ണു ചിമ്മിച്ചിരിച്ചുനിൽപ്പൂ, ഹാ
വിണ്ണിൻ നിത്യപ്രതീക്ഷകൾ

എത്ര ഘോരനിരാശ തന്നിരുൾ
മുററി മുററിത്തഴയ്ക്കിലും

ഇല്ലവയ്ക്കൊരു ഭാവഭേദവും
തെല്ലുപോലും വിഷാദവും

ചിൽപ്രഭേ, നിൻ വിളംബമോർത്തിനി-
ച്ചിത്തഭീരുവാകില്ല ഞാൻ!

*　　*　　*

ചിന്മയോജ്ജ്വലേ, നിന്നെയോർത്തോർത്തെൻ
കണ്ണു രണ്ടും നിറയവെ;

ഹാ, കൊതിപ്പൂഞൊനീ മഹൽപ്രേമ—
ശോകമെന്നെന്നും നില്ക്കുവാൻ

ജീവിതമെന്നല്ലെൻെറ സർവ്വവും
കേവലമീഞാൻ കൂടിയും

പോയ്മറകിലു,മന്നുമീ ദിവ്യ-
പ്രേമദുഃഖം ലസിക്കണം!

*  *  *

ഇപ്പുഴവക്കിലന്തിതൊട്ടിന്നെൻ
ദുഃഖഗാനവുമായി ഞാൻ

വന്നുനില്ക്കയാണേകനായൊന്ന-
പ്പൊന്നിൻതോണി വന്നെത്തുവാൻ!

കല്പസൗരഭം വാന്ന പൂന്തെന്ന-
ലക്കരയിൽ നിന്നെത്തവേ;

മാമകോല്ക്കണ്ഠ വെമ്പിടുന്നേതോ
മാദകോദ്വേഗമൂർച്ഛയിൽ!!

## ഉൽബോധനം

---

പൊന്നിൽ മുങ്ങിക്കുളിച്ചു മദാലസം
മന്ദമന്ദമണയും പുലരിയെ;

അഷ്ടദിഗ്വധൂരത്നങ്ങളാളികൾ
പുഷ്ടസൗഹൃദം വന്നെതിരേല്ക്കവെ;

വിശ്വധാത്രിതൻ ഭാവനാപൂർണ്ണമാം
വിസ്തൃതോജ്ജ്വല മാനസവേദിയിൽ,

പൊൻകിനാവുകൾ മൊട്ടിട്ടിടുന്നപോ-
ലങ്കരിച്ചു പുളകപ്പൊടിപ്പുകൾ!

കോരകക്കൺമിഴി വിടർന്നുന്മദ-
സ്മേരലോലരായ് നിന്നു പൂവല്ലികൾ!

ഫുല്ലപത്മപരാഗപരിമള-
മുല്ലസിച്ച ശിശിര സമീരനിൽ

സഞ്ജനിച്ചു നവീന ഹർഷോത്സവ-
മർമ്മരത്തിൻ മനോഹരവീചികൾ!

അപ്രതിമോജ്ജ്വലാശാവകീർണ്ണമ-
സ്സുപ്രഭാത സുവർണ്ണ നവോദയം

മുക്തമാക്കുന്നു നിദ്രാവിബദ്ധ സ-
മ്മുഗ്ദ്ധജീവിത ചേതനാമണ്ഡലം!

ഇപ്പുതിയോരുണർന്നേഴുന്നേൽക്കലിൽ
സ്വപ്നലോകം വെടിഞ്ഞുകഴിഞ്ഞു നാം

മുൻപിലിപ്പോൾ നാം കാൺമൂ പ്രവൃത്തിതൻ
വെൺപകലിൽ, പലേ നടപ്പാതകൾ!—

ജീവതപ്രശ്നമൊന്നല്ലൊരായിരം
നാവിനിനില്ക്കും വിഷമസരണികൾ!—

ഭാവിതന്നഭൃദയത്തിലേയ്ക്കേഴും
ഭാവമൂകമാം നേർവഴിത്താരകൾ!—

നൊന്തിടുന്നുണ്ടു കാലടിയെങ്കിലും
പിൻതിരിയൊല്ല, പിൻതിരിയൊല്ല നാം!

മുൻപിലൊക്കയുമിപ്പോൾ പരുഷമാം
കണ്ടകങ്ങളേ കാണ്മതുള്ളെങ്കിലും

മെല്ലെ മെല്ലെ നാം മുന്നോട്ടു പോകില-
ങ്ങുള്ളതൊക്കെത്തളിരും മലരുമാം!

മുല്ല പൂത്തു പരിമളം വീശിടും
നല്ല നല്ല കളിരണിത്തോപ്പുകൾ—

കുഞ്ഞു കുഞ്ഞല ചിന്നിത്തളർന്നൊഴു-
കുന്ന പൂങ്കുളിർപ്പാൽപ്പുഴച്ചാലുകൾ—

ചേലിയന്നു പരന്നു പരസ്രുത-
ശ്രീല ശീതള ചന്ദനച്ഛായകൾ—

ആകമാനമുല്ലാസമ,മാകയാൽ
പോകപോകിദം മുന്നോട്ടു പോക നാം!

സസ്പൃഹമത്ര നമ്മെയും കാത്തുകാ-
ത്തഭ്യുദയമിരിപ്പൂ, വിവശയായ്

പ്രേമപൂർവ്വകം കൈകോർത്തു നാമിനി
ത്താമസിക്കാതെ മുന്നോട്ടു പോവുക!!

---

# തങ്കക്കിനാവുകൾ

---

ആനന്ദലോലങ്ങളാ-
മാനല്പകാലമെല്ലാ-
മാരുമറിയാതെന്നെ-
ക്കടന്നുപോയി.

കൺകുളിർക്കവെ നോക്കി-
ക്കണ്ടുഞാനന്നവയെ-
സ്സങ്കൽപമാത്രങ്ങളായ്
കഴിഞ്ഞവയെ

എൻമനസ്പന്ദനങ്ങ-
ളോരോന്നുമവയുടെ-
ചുംബനം കൊണ്ടുകോരി-
ത്തരിച്ചിരുന്നു.

മാമകജീവിതത്തിൻ
താമരത്തളിരില-
പ്രേമം ചൊരിഞ്ഞകൊച്ചു-
ഹിമകണങ്ങൾ

ആ നല്ലകാലമോരോ
ചേണണിക്കതിർ വീശി-
മാണിക്യമണികളായ്
ചമച്ചിരുന്നു.

ഇന്നവ വെറുംമഞ്ഞു-
തുള്ളികളായിപ്പോലും
നിന്നിടുന്നതി,ല്ലെല്ലാം
മറഞ്ഞുപോയി!

സങ്കൽപം—മരവിച്ച-
സങ്കൽപം—മാത്രമുണ്ട-
ത്തങ്കക്കിനാവുകൾ തൻ
കഥപറയാൻ!

എത്ര നേരമായെന്നോ വീണ്ടും
ഞാൻ വിളിപ്പത-
സ്വപ്നത്തിലൊന്നെങ്കിലും
തിരിച്ചുപോരാൻ.

ഇല്ലവയ്ക്കത്ര കനിവില്ലിനി-
ത്തിരിച്ചുപോ-
രില്ലതിലൊന്നു,മെത്ര
കരകിലും ഞാൻ!

ഞാനെത്ര പറഞ്ഞാലും, ഞാ-
നെത്ര കരഞ്ഞാലും
ഞാനെത്ര പരിഭവം
ഭാവിച്ചാലും

ഇല്ലവയ്ക്കോരുതെല്ലും
ചഞ്ചലഭാവം — പിന്നെ-
ച്ചൊല്ലിയാൽ ഫലമെന്തു?—
മടങ്ങട്ടെ ഞാൻ!

എങ്കിലു, മിന്നവയെത്തെ-
ല്ലെങ്ങാനോക്കി, ലപ്പോ-
ളെൻ കരൾ നൊന്തു പോം!—
ഞാനെന്തു ചെയ്യും?...

---

# ആത്മഗീതം

ഭാവനാമനോജ്ഞമെ-
ന്നോമനസ്വപ്നത്തി,ലെൻ
ജീവനായക, ഭവാ,-
നെത്തിയെൻ സവിധത്തിൽ

ജന്മവാസന പൂത്തു
സൗരഭം തുളുമ്പുന്ന
നിർമ്മലനികുഞ്ജത്തി-
ലുറങ്ങിക്കിടന്നു ഞാൻ

ഹേമന്തനിശീഥമെൻ
ചുററിലും നിലാവിനാ-
ലാമന്ദം വിരചിച്ചു
നിഴലും വെളിച്ചവും

സാവധാനത്തിലെന്നെ-
പ്പുണർന്നിതേതോ ദിവ്യ-
സായൂജ്യപരിമളം
കലർന്ന മന്ദാനിലൻ

കർമ്മബന്ധത്തിൻ തളിർ-
മെത്തയിലേവം കിട-
ന്നങ്ങയെദ്ധ്യാനിച്ചു ഞാ-
നറിയാതുറങ്ങിപ്പോയ്!

* * *

ആ മയക്കത്തിൽ—സ്വർഗ്ഗ-
സായൂജ്യസമ്പർക്കത്തിൽ-
കോമളം ത്വദ്രൂപം
കണ്ടു ഞാൻ ജാതാമോദം.

മിന്നലാൽ ജ്വലിക്കുന്ന,
തെന്നലാൽ ചലിക്കുന്ന
നിന്നനാദ്യന്താകാരം
നിഹ്നുതപ്രഭാപൂരം

പൂക്കളാൽ ചിരിക്കുന്ന
നിൻമുഖം; നക്ഷത്രത്താൽ
മേൽക്കുമേൽ ധ്യാനിക്കുന്ന
നിൻമനം, ദർശിച്ചു ഞാൻ

കരകാണാതെയോളം
വെട്ടിടുമഗാധമാം
കടലാൽ ചിന്തിക്കുന്നോ
നിന്നെ ഞാൻ കണ്ടു നീയായ്!

കാമദേവനെപ്പോലെ
കാന്തവിഗ്രഹനായി-
ക്കാനനപുഷ്പംപോലെ
ശാന്തനായ്, പ്രസന്നനായ്

അവിടുന്നെൻ ചാരത്തു
വന്നുനിന്നപ്പോഠം, ഹഷ
വിവശം തലതാഴ്ത്തി!-
പ്പോയി ഞാൻ ലജ്ജാധീരം.

ഇത്രനാളാരെദ്ധ്യാനി-
ച്ചാരുടെ സമാഗമ-
നിസ്തുലനിവ്വാണത്തി-
നെൻമനം കരഞ്ഞുവോ;

അപ്രേമസചരൂപനാ-
മവിടു,ന്നെൻ ചാരത്തൊ-
ന്നെത്തുക!—ഹഷോന്മാദ
മെന്മനം തുളുമ്പിപ്പോയ്!

*　　　*　　　*

വൃന്ദാവനത്തെക്കാളും
പ്രണയോജചലമാമ-
സ്സുന്ദര രംഗത്തിലെ-
സ്സായൂജ്യം മുഴവനും.

ഒരു ചുംബനത്തിങ്ക-
ലൊതുക്കി, സ്സാമോദമെൻ
വിറകൊണ്ടീടും ചുണ്ടി-
ലർപ്പിച്ചു ഭവാൻ പോയി!

മൽസ്വപ്നം തീൎന്നു; ഞെട്ടി-
യുണൎന്നു;—മുന്നെപ്പോലെ
വിശ്വത്തിലേയ്ക്കു വീണ്ടു-
മെൻമിഴി തുറന്നു ഞാൻ!

വിരഹം, ഹാ ഹാ, പൊള്ളും.
വിരഹം!—ഹൃദയത്തി-
ലൊരു വേദന പെട്ടെ-
ന്നത്തുവിച്ചാളിക്കത്തി.

എൻമിഴി നിറഞ്ഞു;—മൽ-
സ്വപ്ന കാമുകരൂപ-
മെങ്ങുപോ, യെൻ മുന്നിലെ-
ന്തൊക്കെയുമേകാന്തത്വം!

എങ്കിലുമെൻസ്വപ്ന-
ചുംബന മനശ്വര-
മെൻ കൊച്ചു സിരകളിൽ
ക്രൂടിയും കലൎന്നല്ലോ!

അതിന്റെ ചൈതന്യത്തി-
ലതിന്റെ നൈർമല്യത്തി-
ലതിന്റെ കൈവല്യത്തിൽ
കാൺമൂ ഞാനെൻ സർവ്വസ്വം!

അസ്സുഖസ്മൃതിയുടെ
വാടാത്ത വെളിച്ചത്തി-
ലപ്രേമസ്വരൂപത്തെ-
ദ്ധ്യാനിച്ചും; മോഹിച്ചും ഞാൻ.

അദ്ദേവനായിക്കൊണ്ടോ-
രോമന മലർ മാല്യം
സന്തോഷം രചിക്കട്ടേ
പുതുപ്പൂക്കളാൽ വീണ്ടും!

---

# വന്നാലും വന്നാലും!

---

വന്നാലും വന്നാലും വ്യാമോഹനിദ്രവി-
ട്ടെൻനാട്ടുണരുന്ന പൊന്നുഷസ്സേ!
നാകത്തിൽനിന്നുമീലോകത്തിലെത്തും നിൻ
നാനാപദാനങ്ങളേററു പാടാൻ
ജീവതച്ചൂട്ടിൽ തളരാത്ത നാവുകൾ
ദേവി, നിൻ മുന്നിൽ നിരന്നീടട്ടേ!
നീണാളായ് ഞങ്ങൾ തപസ്സുചെയ്തിങ്ങനെ
നീവന്നു ചേരുവാൻ കാത്തിരുന്നു.
പോരേ പരീക്ഷിച്ചതിത്രയും ഞങ്ങളെ?-
പ്പോരികനീയിനിപ്പൊൻകതിരേ?
പാരതന്ത്ര്യത്തിൻ തുറുങ്കിലിതുവരെ-
ക്ക്രൂരിരുട്ടത്തു കിടന്നു ഞങ്ങൾ!
ദാരിദ്ര്യത്തിൻെറ ഭയങ്കര സ്വപ്നങ്ങൾ
നേരിട്ടുകണ്ടു വിറച്ചു ഞങ്ങൾ!
മർദ്ദനത്തിൻ ബലിക്കല്ലിലവശരായ്
രക്തംവമിച്ചു പിടഞ്ഞു ഞങ്ങൾ!
വന്നാലും, വന്നാലും, വ്യാമോഹനിദ്രവി-
ട്ടെൻനാട്ടുണരുന്ന പൊന്നുഷസ്സേ!

---

# ഭക്തദാസി

ഏകാന്തതയിൽ തനിച്ചെന്നെവിട്ടിദം
പോകായ്ക, പോകായ്ക, ജീവസർവ്വസ്വമേ!

കർമ്മരണാങ്കണം വിട്ടു വിവർണ്ണമാം
തൻമുഖം താഴ്ത്തിപ്പിരിയും പകലിനെ

ഉൾത്തപ്തരായുററു നോക്കിനിൽക്കുന്നിതാ
ഹൃൽസ്പന്ദനങ്ങളടക്കിയഷ്ടാശകൾ!

കൂരിരുട്ടിന്നു കടന്നുപോരാൻ വഴി-
മാറിക്കൊടുക്കുന്നു സായാഹ്നദീപ്തികൾ

ആനന്ദചിന്തകൾ വാടിക്കൊഴിയവേ
ഗാനതരംഗങ്ങൾ നിശ്ചലമാകവേ;

ഈ വെറുംശ്ശൂന്യമാം നർത്തനശാലയിൽ
ദേവ, നീയെന്നെത്തനിച്ചുവിടുന്നുവോ?

ആസ്വാദനങ്ങൾക്കു വർണ്ണംപിടിപ്പിച്ചി-
താദ്യംമുതൽക്കു നിന്നാരാധനോന്മദം.

നിസ്തുലമേതോ കിനാവിങ്കലെന്നപോൽ
നിത്യമതിൻെറ ലഹരിയിൽ മുങ്ങിഞാൻ

ഞാനതിൻ മായാവരണത്തിലെൻ മൗന-
ഗാനങ്ങളെല്ലാം പൊതിഞ്ഞു രഹസ്യമായ്!

ഇന്നവയൊക്കെ നിൻകാൽക്കലർപ്പിച്ച ഞാ-
നെന്നിട്ടുമെന്നോപിരിഞ്ഞു പോകുന്നു നീ?

കണ്ണിണക്കൂട്ടിടാതെത്രയോ രാത്രികൾ
നിന്നെയും കാത്തു കരഞ്ഞുകഴിഞ്ഞു ഞാൻ?

നിത്യവും, കഷ്ട, മെൻകൈയിൽ വാടീലിരു-
ന്നെത്ര സുരഭിലമന്ദാരമാലകൾ!

അത്യമൂല്യമാം മൽപ്രേമപൂജക-
ളിത്രവേഗത്തിൽ നീ വിസ്മരിച്ചീടിലോ!

എൻ ചുടുകണ്ണീർകണങ്ങളാൽമേലിലും
നിൻചേവടികൾ കഴുകിച്ചിടട്ടെഞാൻ!

ത്വൽപരിചര്യയിലർപ്പിതമായിട-
ട്ടുൾപ്പുളകാർദ്രമിജ്ജീവിതം മേലിലും!

ഏകാന്തതയിൽ തനിച്ചെന്നെവിട്ടു നീ
പോകായ്ക, പോകായ്ക, ജീവസർവ്വസ്വമേ!

# വിശ്രമത്തിന്

---

തപ്തചിന്തകളാലൊരിക്കലും
തൃപ്തിതോന്നാത്ത തോഴരേ!

ഇങ്ങുപോരുവി,നിങ്ങുപോരുവിൻ
നിങ്ങളീ വനച്ഛായയിൽ

സ്പർദ്ധയെന്തെന്നറിഞ്ഞിടാത്തൊരു
ശുദ്ധമാനസനാണു ഞാൻ

ആനന്ദിപ്പിക്കാം നിങ്ങളെ ഞാനീ
വേണുഗാന ലഹരിയാൽ

ഇങ്ങു പോരുവിനിങ്ങു പോരുവിൻ
നിങ്ങളോമൽ സഖാക്കളേ!

അങ്ങതാ പൂത്തു പൂത്തു നില്ക്കുന്നു
ഭംഗിയിൽ മരത്തോപ്പുകൾ

ഗ്രാമജീവിത ശാന്തിതൻ നവ
രോമഹർഷങ്ങൾ മാതിരി

മഞ്ഞവെയ്‌ലൽപം പൊന്നു പൂശിയ
കുഞ്ഞലകൾ മിനുങ്ങവെ;

വെൺനുരകളാൽ തൻമനോല്ലാസ
കന്ദളങ്ങളിളകവെ;

സ്വച്ഛചിന്തകൾപോലൊഴുകുന്ന
കൊച്ചുകൊച്ചു പൂഞ്ചോലകൾ!

അല്ലലെല്ലാം മറന്നുപോം നിങ്ങൾ
തെല്ലിടയിങ്ങിരിക്കുകിൽ!

കാലവർഷം കഴിഞ്ഞുനില്ക്കുന്ന
നീല വാനിൻ തെളിമപോൽ

അത്ര ശുദ്ധമായുള്ളൊരോമന-
ത്തൃപ്തിതൻ മലർമെത്തയിൽ

വിശ്രമിപ്പിക്കു, നിങ്ങൾതന്നാർദ്ര
വിഹ്വല ഹൃദയങ്ങളെ!

നാനാജോലിത്തിരക്കുകൾ തിങ്ങു-
മാ നഗരങ്ങൾ വിട്ടിനി

ഇങ്ങു പോരുവിനിങ്ങു പോരുവിൻ
നിങ്ങളിഗ്രാമഭൂമിയിൽ

ധന്യയാകും പ്രകൃതിമാതിന്റെ
നന്മടിത്തട്ടിലങ്ങിനെ

സ്വപ്നവും കണ്ടു സ്വസ്ഥരായ് നിങ്ങൾ
വിശ്രമിക്കുകെൻ തോഴരേ!

---

# പിശാചിൻെറ ഭക്തൻ

ആരു നീ ഭയാനകേ,
　　മാനവോൽക്കർഷത്തിൻെറ
ചോരയാലന്തർദ്ദാഹം
　　കെടുത്തും പിശാചികേ?

ചിതറിക്കിടക്കുന്നു
　　നിൻ ചുററും ചിതൽ മുററും
ഹത ജീവിതങ്ങൾ തൻ
　　ജീർണ്ണിച്ച കങ്കാളങ്ങൾ!

പൊള്ളിക്കും നിന്നായസ-
　　മുഷ്ടികൾക്കുള്ളിൽ പെട്ടു
വിള്ളുന്നു ഞെരങ്ങിക്കൊ-
　　ണ്ടായിരം ഹൃദയങ്ങൾ

ശാന്തിതൻ പൂന്തോപ്പു, നീ-
　　യൊററമാത്രയി,ലാത്മ-
ക്ലാന്തിതൻ കൊടുംചുടു-
　　കാടാക്കി മാററുന്നല്ലോ!

മർത്ത്യനെച്ചെന്നായാക്കി
    മർത്ത്യനെക്കൊല്ലിക്കുന്ന
മദ്യമാരണ രക്ത-
    രക്ഷസ്സേ, മാറിപ്പോ, നീ!!......

*   *   *

ഒരുകാൽ മുന്നോട്ടൂന്നി
    വെയ്ക്കുവാൻപോലും വയ്യാ-
തിരുളിൽ തപ്പിത്തപ്പി-
    വേച്ചുവേച്ചുന്മത്തനായ്

ദുർഗ്ഗന്ധം വമിച്ചീടും
    നുരയാ വായിൽക്കൂടി
നിർഗ്ഗളിച്ചോരോ പിച്ചു
    പുലമ്പിപ്പോയിപ്പോയി

ഹാ, കഷ്ടം, ബോധം കെട്ടു
    വീഴുന്നൂ വഴിവക്കി-
ലേക, നപ്പിശാചിൻെറ
    മാറാത്തോരുപാസകൻ!

കീറിയ പഴന്തുണി-
    ത്തുമ്പിലുള്ളരിക്കിഴി-
നാരുവി,ട്ടരിയെല്ലാം
    ചിതറിപ്പോയീ മണ്ണിൽ!

ദാരിദ്ര്യം ചവച്ചിട്ട
    കരിമ്പിൻ തുണ്ടേ, നീ, യ-
നാറിയ മദ്യക്കുണ്ടി-
    ലഭയം തേടുന്നല്ലോ!....

*           *

അടുപ്പിൽ തീ പൂട്ടിയി-
    ട്ടില്ലിന്നു, കൊടുംവിശ-
പ്പടക്കാൻ കഴിയാതെ
    കൈകാലിട്ടടി,ച്ചതാ

നെഞ്ചിൻ കൂടുന്തി, ച്ചൊറി
    പിടിച്ചു, വയറൊട്ടി-
യഞ്ചാറുപൈതങ്ങളു-
    ണ്ടാർത്തരായ് വിലപിപ്പൂ!

അപ്പൊട്ടക്കുടിലിന്റെ
    വാതിൽക്ക, ലനങ്ങാതൊ-
രസ്ഥിപഞ്ജരം നാരീ-
    രൂപത്തി,ലതാ നിൽപൂ!

സമയം വൈകുംതോറു-
    മവർതൻ ഹൃത്തിൽ, തപ്ത-
ഭ്രമണം ചെയ്യുന്നുണ്ടാ-
    രായിരമാശങ്കകൾ!

വേലയ്ക്കു പോയതാണു
കുട്ടികളുടെയച്ഛൻ
കാലത്തു—വെറും "ശ്രുദ്ധോ-
പാസ"മാണിന്നെല്ലാക്കും!

വരണം ഗൃഹനാഥൻ
വല്ലതും കൊ,ണ്ടെന്നാലേ
വരളും തൊണ്ടയൊന്നു
നനയ്ക്കാൻ കഴിഞ്ഞീട്ടു!

സാരമില്ലവളുടെ
വിശപ്പു, തലതല്ലും
സാധുക്കളെഞ്ചാറിളം
പൈതങ്ങളയ്യോ, പാവം!

*　　　*　　　*

ലജ്ജയില്ലല്ലോ, മദ്യോ-
പാസക, നോക്കു, നിൻെറ
ദുഷ്കൃതി കാട്ടിക്കൂട്ടും
ചാപല്യക്കൊടും പാപം!

നീയും, നിൻ കുടുംബവും,
ഹാ, നിത്യദാരിദ്ര്യത്തിൽ
നീറുന്നു, നശിക്കുന്നു,
നിൻ നികൃഷ്ടതമൂലം!

ആ മത്സ്യപ്പിശാചിന്റെ
  പൊള്ളിക്കും പിടിയിൽ നി-
ന്നാവതും വേഗത്തിൽ, നീ
  രക്ഷ നേടുവാൻ നോക്കൂ!

ആ നിമേഷത്തിൽ കാണാ-
  മുൽക്കർഷം നിൻ പാതയിൽ
സൂനങ്ങൾ വിരിക്കുമ-
  സ്സുപ്രഭാതാവിർഭാവം!

നന്നാവും നീ, യെന്നല്ല
  നിൻ പരിസരങ്ങളെ
നന്നാക്കുവാനും, നിന-
  ക്കാവുമാ വെളിച്ചത്തിൽ!!...

# ദിവ്യാനുഭൂതി

അനുപമ കൈവല്യ കൗമുദിയി-
ലഖില പ്രപഞ്ചവും മഗ്നമാക്കി

അറിവിന്റെ വാടാവിളക്കുമായെ-
ന്നരികിലണയും നീയാരു ദേവി?

ഇരുളിലത്താരകളെന്നപോലെൻ
കരളിൽ നിന്നാഗമനോന്മദങ്ങൾ

തെളിയുന്നു മേൽക്കുമേലിത്രനാള-
മൊളിവിൽ നിന്നീടിനോരത്ഭുതമേ!

വികസിക്കയാണെന്നിലിപ്പുളേതോ
വിമലാനുഭൂതിതൻ കോരകങ്ങൾ

അവയിലെപ്പാവന ശാന്തതത-
ന്നവികല സൌരഭ ധോരണിയിൽ

അലിയുന്നിതിപ്പൊഴുതെന്നോടൊപ്പ-
മവനിയും സർവ്വ ചരാചരവും.

സരസേ, നിൻ സൗഹൃദ സാന്ദ്രമാകും
സരള സനാതന മൗനഗാനം

ഒരു മഹൽ സ്വർഗ്ഗകല്ലോലിനിയായ്
തിരകളിളകിത്തുളുമ്പിവെമ്പി

ഒഴുകുന്ന മേന്മേലീവിശ്വപാപം
മുഴുവൻ കഴുകിത്തുടച്ചുനീക്കി!

കനിവാർന്നതിലെന്റെ ജീവിതത്തിൽ
കനകക്കളിത്തോണിയാരൊഴുക്കി?

അനുപമ സ്വർഗ്ഗപ്രകാശമേ, നി-
ന്നനഘാഗമത്തിൽ ഞാൻ ധന്യനായി.

---

# എന്തിനു്?

---

കാലമിമ്മട്ടു കടന്നുപോകും
കാണുന്നതോരോന്നകന്നുമായും

അത്രയ്ക്കടുത്തവർ നമ്മൾപോലു-
മശ്രുവാർത്തങ്ങനെ വേർപിരിയും!

ജീവിതം ജീവിതം സ്വപ്നമാത്രം
കേവലമേതോ നിഴലുമാത്രം

ഉൽക്കടചിന്തയും കണ്ണുനീരു-
മുഗ്രവിഷാദവും വേദനയും

എന്നാലവയ്ക്കിടയ്ക്കങ്ങുമിങ്ങും
മിന്നിപ്പൊലിയുന്ന പുഞ്ചിരിയും

ആരാരി പ്രശ്നമപഗ്രഥിക്കു-
മാരിതിൻ സത്യം തെരഞ്ഞെടുക്കും?

ഈ മണൽക്കാട്ടി,ലീ മൂടൽമഞ്ഞിൽ
നാമെന്തിനന്യോന്യം കണ്ടുമുട്ടി?

---

# പൊലിയാത്ത പൊൻകതിർ

മമ നിത്യ ഭാവനാ വാഹിനിതൻ
മണൽ വിരിത്തട്ടിലമന്ദമോദം

വിഹരിക്കാറുണ്ടൊരു സൗഹൃദത്തിൻ
വികസിത ശ്രീമയ രാജഹംസം

സതതമതിൻ പൊൽചിറകടികൾ
സരസമായ് വീശുന്ന കൊച്ചലകൾ

അണിയിക്കാറുണ്ടെൻെറ ജീവിതത്തിൽ
അനുപമരോമാഞ്ച മഞ്ജരികൾ

മറവിതൻ മാസ്മര ശക്തിമൂലം
മരവിച്ചുപോയേക്കാം ബന്ധമേതും;

ശരി,യെന്നാൽ മായ്ക്കാവതല്ല നൂനം
ശരദഭ്രശുഭ്രമി സ്നേഹബന്ധം

അതിനുടെ പൂങ്കാവനികതോറും
അലരിട്ടുനിൽക്കുന്ന നിർവൃതികൾ

മുഴക്കിക്കും ഞങ്ങളെ യെന്നു,മേതോ
മുരളീരവത്തിൻ ലഹരികളിൽ!

മഴവില്ലുപോലുള്ള മർത്ത്യജന്മം
മരണത്തിൻ മുന്നിൽ നമിക്കുമെങ്കിൽ,

മഹനീയമാകുമാ മൃത്യുവു, മീ
മഹിമതൻ മുന്നിൽ നമസ്ക്കരിക്കും!

പരശതം ജന്മം ചുരുങ്ങി,യൊന്നിൻ
പരിമളച്ചെപ്പിലൊതുക്കിയ പോൽ

നിറവുറേറാരിസ്നേഹ സാന്ദ്രജന്മം
നിറകതിർ വീശട്ടെ നിസ്തുലാഭം!

അതിലെഴും വെള്ളിവെളിച്ചമേററെ-
ന്നകമലർമൊട്ടു വിടർന്നിടാവൂ!.

# വനവീഥിയിൽ

മുഗ്ദ്ധ സങ്കൽപം, ദൂരെ, നിസ്തുല-
സ്വപ്നമൊന്നെനിക്കേകിലും,

ഇത്തപോവനം വിട്ടുപോകുവാ-
നിഷ്ടമില്ലെനിക്കൊട്ടുമേ!

ജീവിതമണിവീണയും മീട്ടി
നീവരും വഴിത്താരയിൽ

നിത്യവും നിന്നെക്കാത്തു കാത്തിരു-
ന്നെത്രകാലം കരഞ്ഞു ഞാൻ!

നിർദ്ദയം നീ വരാതിരുന്നിതെൻ
നിസ്തുല പ്രേമവീഥിയിൽ!

നിന്നെയോർത്താൽ മതിയെനിക്കെന്റെ
കണ്ണുരണ്ടും നിറയുവാൻ!

ചിന്തനാതീത കാന്തമാകുമി-
തെന്തൊരുൽക്കടബന്ധമോ!!

അന്തിയിൽ നവചന്ദ്രിക പൊഴി-
ഞ്ഞമ്പിളിക്കല വന്നിതാ

പൂത്തക്കാടിന്റെ പുഷ്പസങ്കല്പം
ചേർത്തു മുൽഫുല്ലമാക്കയായ്!

ഇപ്രപഞ്ചം കവിഞ്ഞൊഴുകുമെൻ
ശുദ്ധരാഗത്തിൻ ബിന്ദുക്കൾ

നിഷ്ഫലം വററിപ്പോവുകയെന്നോ
കഷ്ട, മീ വിരഹാഗ്നിയിൽ

എങ്ങിരിപ്പൂ നീ മാമകോത്സവ-
രംഗസംഗീതനായികേ?

വെണ്ണിലാവിനെ പ്പുൽകി, മൂർച്ഛയിൽ
കണ്ണടയ്ക്കുമിക്കാടിനെ,

കാണുമ്പോഴേയ്ക്കും, നിന്നെയോർത്തന്തോ
കേണിടുകയാണെൻ മനം

മൃത്യുവിൻ മൂടൽമഞ്ഞിനപ്പുറ-
മുജ്ജ്വലിക്കും നിൻ മന്ദിരം

നോക്കിനോക്കിയലകയാണൊരു
പാഴ്ക്കിനാവിനെപ്പോലെ ഞാൻ!

മൽക്കഴൽ മുറിപ്പെട്ടിടുന്നിതീ
ദുർഗ്ഗമ വനവീഥിയിൽ

# ക്ഷതങ്ങൾ

മാനസത്തിങ്കൽ തുളുമ്പിനിന്നീടിനോ-
രാനന്ദമെല്ലാം കവൎന്നുകൊണ്ടങ്ങതാ

പശ്ചിമശൈല പരമ്പരയ്ക്കപ്പുറം
നിൎദ്ദയ,മയ്യോ, മറയുന്നിതെൻപകൽ!

നിഷ്ഫല്ല ദുഃഖങ്ങളോരോന്നിഴഞ്ഞിഴ-
ഞ്ഞെത്തുന്നിതേകാന്തമാമെൻ കുടിൽക്കകം!

മാമകദുഃഖം മധുരമാണെങ്കിലും
മാനസമെന്തോ മടിപ്പു നുകരുവാൻ.

കഷ്ടം, നിരാശാനിബദ്ധ, മതിൻസ്വപ്ന-
മുററുനോക്കുന്നു വരുന്നോരിരുട്ടിനെ!

"വിശ്രമം,കഷ്ട,മെവിടെയാ വിശ്രമം?"
വിഫലജീവിതം കേണുചോദിക്കയാം

ഇന്നോളമൊട്ടും കരയാത്തതാം ചില
കണ്ണീർകണത്തിലതിൻെറ ഗാനങ്ങളെ

എല്ലാമടക്കി,യുയത്തിപ്പിടിച്ചു കൊ-
ണ്ടല്ലലാർന്നായതന്വേഷിപ്പു സന്തതം

"സദ്രസം തുച്ഛമാമെൻ മൺകുടിലിൽ വ-
ന്നെത്തുന്നു നിത്യമനേകമതിഥികൾ

എന്നാലെവിടെയെവിടെയാ വിശ്രമം
ധന്യനായോരെൻ നിരഘ നിത്യാതിഥി?"

# സ്വപ്നത്തിൽ

ഇരവിലന്നെൻ മണിമഞ്ചകത്തി-
ന്നരികിലണഞ്ഞു നീ നിന്നിരുന്നു;

ഇരുളാന്ന ചക്രവാളാന്തരത്തി-
ലൊരു വെള്ളിനക്ഷത്രമെന്നപോലെ.

നിൻ നെടുവീർപ്പിൻ പരിമളത്തിൽ
മുങ്ങിക്കുളിച്ചിതെൻ സ്വപ്നമെല്ലാം!

പരിചിൽ നിന്നല്ലണിവേണിയിങ്കൽ
പനിമലരൊന്നു ലസിച്ചിരുന്നു.

കുളിരിളം കാററിലുലഞ്ഞുനില്ക്കും
കുവലയ മാലകളെന്നപോലെ

ഒളികളിയാടും നിൻ നെററിയിങ്ക-
ലളകങ്ങൾ പാറിപ്പറന്നിരുന്നു.

മൂകലമാം, മാമൗനശാന്തിയിൽ നിൻ
ഹൃദയത്തുടിപ്പുകൾ കേട്ടിരുന്നു.

ഉലകിലേയ്ക്കെന്തോ മിഴിച്ചുനോക്കി-
യുയരത്തിൽ താരകൾ നിന്നിരുന്നു.

ഝടിതിയൊരാനന്ദ വിഭ്രമത്താൽ
മതിമറന്നേററു ഞാൻ കൈകൾ നീട്ടി

കഥയെന്തിതയ്യോ, നീ പിന്മടങ്ങി
കഠിനം, നീയെങ്ങോ മറഞ്ഞുപോയി!

*　　*　　*

അകലത്തിലേതാനും താരകളെൻ
വിഗളിത ബാഷ്പമൊന്നുററുനോക്കി

വിജനതയിങ്കലെന്നുള്ളിലേതോ
മധുരമാം വേദന വന്നുലാവി!!

## ഏകാന്തതയിൽ

---

ഉരുതര ഗുണഗണ മിളി-
തനായ് വിബുധനാ-
യൊരുകവി യൊരുകാലം
വസിച്ചിരുന്നു.

അകളങ്ക ഭക്തിയുൾക്കൊണ്ടൊരു-
മാരും നിർമ്മിച്ചത-
ല്പകാലമാ മവനുടെ
ശവകുടീരം.

എന്നാലൊരുശ്ശൂന്യ വനാന്തര-
ത്തിങ്കൽ വർഷപാതം
ചിന്നിച്ചിതറിട്ടും ചില
കരിയിലകൾ

മണ്ണടിയുമവനുള്ളോരസ്ഥി-
ഖണ്ഡങ്ങൾക്കു മീതെ
കുന്നുകൂട്ടിയൊരു കൊച്ചു
കുടീരം തീർത്തു.

ഒരു സുഭഗനായിട്ടും യുവാ-
വവൻ—എന്നാലൊരു-
തരുണിയും വിലപിച്ചീ-
ലവനെച്ചൊല്ലി—

കണ്ണീർക്കണ മണിമാല്യമണി-
യിച്ചില്ലവനുടെ
മണ്ണടിഞ്ഞ മൃതഗാത്ര-
മൊരുവരുംപോലും—

അവനുടെ ദീർഘനിദ്രയ്ക്കുള്ളേ-
കാന്ത മെത്തയിങ്ക-
ലവരാരും പടർത്തിയി-
ല്ലൊരു ലതയും.

ശാന്തശീല, നനുകമ്പാകുല,-
നവനതി ധീരൻ
കാന്തവൃത്തൻ—എന്നാലൊരു
ഗായകൻ പോലും,

ഇരുണ്ടതാമവനുടെ ദുർവ്വി-
ധിയെ മാത്രമോർത്തു-
മൊരു ചെറുവീർപ്പുപോലു-
മയച്ചതില്ല.

ഏകാന്തത്തിൽതന്നെയവൻ ജീവി-
ച്ചു, മരിച്ചു, കഷ്ട-
മേകാന്തത്തിലവൻ നിജ
ഗാനങ്ങരം തൂകി!

* * *

പരിശുദ്ധമായിമിന്നും വെള്ളി-
ക്കിനാവുകൾ കൊണ്ടു
പരിപുഷ്ടമായിത്തീർന്നി-
തവന്റെ ബാല്യം.

പാരിച്ചൊരിപ്പാരിൽ നിന്നു,മന്ത-
രീക്ഷത്തിങ്കൽ നിന്നു-
മാരവമൊന്നവനുടെ-
യന്തരംഗത്തിൽ,

അനഘചിന്തകളുടെ മൃദു-
ലമാം തരംഗങ്ങ-
ളനവധിയടിയ്ക്കടി-
യ്ക്കടിച്ചുകേററി!

ദിവ്യ വേദാന്തത്തിൻ തെളിനീരു-
റവവന്റെ തൃഷ്ണാ-
വിവശാധരങ്ങൾ കവി-
ഞ്ഞൊഴുകിയില്ല!

* * *

ശൈശവം കടന്നുപോയ് കാല-
ത്തിങ്കലവൻ നിജ
ശൈത്യമാളും സദനത്തെ
വെടിഞ്ഞുപോന്നു.

ഒരുവനും കണ്ടെത്താത്ത ദേശ-
　　ങ്ങളിൽ സഞ്ചരിച്ചു
തിരക്കവാനോരോ നവ്യ-
　　സത്യമാർഗ്ഗങ്ങൾ!

നിരവധി വനങ്ങളും മരു
　　ഭൂമികളും, ഭീതി-
യൊരുലേശം പുരളാത്ത
　　കാലടികളാൽ,

തരണംചെയ്തവൻ പോയാൻ, വാക്കി—
　　നാലും, നോക്കിനാലും,
കിരാതരിൽനിന്നു മോരോ
　　സൽക്കാരം നേടി!

* * *

കാട്ടുവീടായ് കരുതിക്കൊണ്ടവൻ
　　വിജനമാമോരോ
മേട്ടുകളിലെങ്ങും ചുററി
　　നടന്നു നിത്യം

അരിപ്പിറാക്കളു മണ്ണാക്കണ്ണ-
　　ന്മാരു മണഞ്ഞുതൽ-
ക്കരതലം തന്നിൽസുഖ-
　　വിശ്രമം കൊള്ളും!

കരിയിലപോലു മൊന്നുകാറേറ—
ററല്പമനങ്ങിയാൽ
ത്വരിതം പാഞ്ഞൊളിയ്ക്കുന്ന
കാട്ടുപേടമാൻ.

മരുമണഞ്ഞവനുടെ നിക-
ടത്തിൽ നിന്നവൻെറ
സുന്ദരാകാരത്തെപ്പാരം
പകച്ചുനോക്കും!

*　　　*　　　*

ഋതുകാല മന്ദദിനമതി-
ഗ്ഗുണവതിയാമൊ-
രറബിപ്പെൺകൊടിയവ-
നാഹാരം നൽകി.

പിതാവിൻെറ കൂടാരത്തിൽനിന്നു-
മവർക്കുള്ള പങ്കാ-
ണതു—മേഷാലവർ നിത്യ-
മവനായേകും!

ശയിക്കുവാൻ തനിക്കുള്ള ശയ-
നീയമെടുത്തവർ
പ്രിയമുൾക്കൊണ്ടവനായി
വിരിച്ചു നൽകും!

ജോലികളിൽ നിന്നുവിരമിച്ച-
ശേഷമവനുടെ
കാലടിയൊച്ചകൾ കേൾപ്പാൻ
കൗതുകത്തോടെ,

അണഞ്ഞീടും നിന്നിദ്രയാ യവ-
നോ, ടെങ്കിലും, നമ്മ-
പ്രണയോക്തിയോതാനവ-
ളശക്തയായി!

അൺപോലുമുറങ്ങാതെ യവൾ-
നോക്കിയിരുന്നിട്ടും
ഗുണവാനത്തരുണൻെറ
നിശാസുഷുപ്തി!

നിർവ്യാജ സ്വപ്നങ്ങളടിച്ചുയർ-
ന്നീട്ട മവനുടെ
നിശ്വാസമുത്തടവിച്ചീട്ട-
മധരയുഗ്മം,

നിദ്രാവിളജിതമവൾ, നോക്കി-
നോക്കിക്കൃതാർത്ഥയായ്
സദ്രസം നിശീഥിനിയെ-
പ്പറഞ്ഞയയ്ക്കും

ശോണവർണ്ണോജ്ജ്വല തേജ-
സ്സാർന്നണയും പുലർകാല-
മേണാങ്കന്റെ പാണ്ഡുരത്വം
വളർത്തിടുമ്പോൾ,

ഒരു ദീർഘശ്വാസത്തോടും ഹൃദ-
യത്തിൽ തുടിപ്പോടും
പരിഭ്രാന്തയായിപ്പാരം
പരവശയായ്

തണുപ്പാളും തന്റെ ഗേഹത്തിങ്ക-
ലേയ്ക്കത്തരുണിമാർ-
മണി വിധുരയായ് മന്ദം
മടങ്ങിപ്പോകും!

'അറേബിയാ' 'പേർഷ്യാ' തൊട്ടുള്ളനേ-
കദിക്കുകളിലും
"കാർമേനിയൻ" കൊടുങ്കാടിൻ
ശൂന്യതയിലും,

മഞ്ഞുകട്ടിയെഴും 'ഗുഹകളിൽ
നിന്നും സിന്ധു' 'വോക്സ-
സ്സ്'ന്ന തടിനികൾ കോരി-
ച്ചൊരിഞ്ഞു നില്ക്കും!

ഉന്നതഗിരികളിലും സഞ്ചാ-
രിച്ചു സഞ്ചരിച്ചു.
വന്നിതന്നാനന്ദപൂർണ്ണ-
ചിത്തനായ് ധന്യൻ!

അവസാനം കാശ്മീരത്തിലൊരു
മലഞ്ചെരുവിങ്ക-
ലവനണഞ്ഞതിമോദ-
മധിവസിച്ചാൻ

പരിമളം പലപാടും പര-
ത്തിടും പലേതരം
പരിലസൽ പച്ചച്ചെടി-
പ്പടപ്പുകളും.

പറവകൾ പരിതോഷാൽ പാ-
ന്നപാടിടും പല
തരുനിര വിരിച്ചിട്ടും
തണൽപ്പരപ്പും!

നിറഞ്ഞിടുമവിടത്തിൽ പരു-
ത്ത പാറപ്പിളർപ്പിൽ
തിരതല്ലിത്തിരളൊളി-
പ്പളുങ്കു ചിന്നി!

അലസമായൊഴുകുമൊരരു-
വിതൻ കരതന്നിൽ
തലചാച്ചാൻ തളർച്ച വാ-
ച്ചൊരത്തരുണൻ.

ഒരുകിനാവവനുടെ കവിൾ
ത്തടമിതുവരെ-
യ്യോരിക്കലും വിവർണ്ണമായ്
മാറിടാത്തതാം

ഒരുകിനാവവനുടെ സുഖ-
സുഷുപ്തിയിൽ മന്ദം
വരികയായ് അതിലെങ്ങും
വെളിച്ചം ചിന്നി

സ്വപ്നം കണ്ടാനവനൊരു മുഖ-
പടം ധരിച്ചതാ
സുപ്രഭാവതിയാകുമൊ-
രംഗനാരത്നം!

അവനുടെ അരികിൽ വന്നിരു-
ന്നു മന്ദസ്മിതത്തി-
ലവനോടു ചിലതെല്ലാം
മന്ത്രിപ്പതായി!

ചിന്തയുടെ ശാന്തതയിൽ കേൾക്ക-
 പ്പെട്ടുമവനുടെ
സ്വാന്താത്മാവിൻ സ്വരംപോലാ-
 ണവൾ തൻശബ്ദം

കളുർ പൂഞ്ചോലകളുടെ മധു-
 രമന്ത്രാരവവു-
മിളംകാററിൽ കോമളമാം
 തെളിനാദവും

തമ്മിൽ തമ്മിലിടചേർത്താലെന്ന-
 തുപോലത്രമാത്രം
സമ്മോഹനം സുന്ദരിതൻ
 സൌമ്യസംഗീതം.

അതിൻ നാനാവർണ്ണാഞ്ചിതമാകും
 വലയ്ക്കുള്ളിൽപ്പെട്ടാൻ
മതിമാൻെറ മഹനീയ-
 ഹൃദയനാളം

ജ്ഞാനം സത്യം നന്മ ദിവ്യസ്വാ-
 തന്ത്ര്യോൽകൃഷ്ടാഭിലാഷ-
മാ നതാംഗിക്കിവയത്രേ
 ജീവിതലക്ഷ്യം.

അവനേററമിഷ്ടപ്പെടും ചിന്ത-
കളാണവ—പിന്നെ-
ക്കവിയത്രിക്കുടിയാണ-
ക്കനേകവല്ലി

ഉടനവരം തൻ വിശുദ്ധഹൃദ-
യത്തിൻ ദിവ്യദീപ്തി-
യുടലിങ്കലൊരു കാന്തി-
പ്രസരം വീശി

അനന്തരമവളിൽ നിന്നങ്കു-
രിച്ചാനടിക്കടി-
യന്തകമ്പാർഹയാം പല
ദീർഘനിശ്വാസം.

തേങ്ങിതേങ്ങിക്കരകയായ്ക്കരളി
ങ്കലെങ്ങും തിങ്ങി-
വിങ്ങിടുന്ന വികാരത്താൽ
വിവശയായി

വിശേഷരീതിയിലേതോ വീണ-
ക്കമ്പികളിൽനിന്നും
സുശോഭനോൽസംഗീതം
വടിച്ചെട്ടക്കം

DHARMARAM COLLEGE LIBRARY, BANGALORE. 23378

മൃദുലമാമവളുടെ നഗ്ന
കരതലയുഗ-
മതിങ്കൽ പിണഞ്ഞ ചെറു
ഞരമ്പുകളിൽ

പ്രവഹിക്കും വാചാലമാം ചൂടു
ചോരപോലുമങ്ങൊ-
രവർണ്ണനീയമാം കഥ
വെളിപ്പെടുത്തി.

അവളുടെ ഹൃദയത്തിൻതുടി-
പ്പുകൾ തിങ്ങിച്ചേർന്നി-
തവളുടെ സംഗീതത്തിൻ
വിരാമങ്ങളിൽ.

തരുണിതൻ നെടുവീർപ്പിലാ മ-
ധുരസംഗീതത്തിൻ-
ചെറുതുള്ളികളോരോന്നാ-
യലിഞ്ഞുചേർന്നു.

പുകഞ്ഞുകൊണ്ടിരിക്കും തൻചിത്ത-
ഭാരമക്ഷമയായ്.
ത്തകർക്കാനെന്നപോലവളു-
ടനെണീററാൾ.

ഒച്ചകേട്ടവൻ തിരിഞ്ഞാനവ-
യുടെ ജീവിതത്തിൻ
സ്വച്ഛമാകും വെളിച്ചത്തിൽ
തെളിഞ്ഞുകണ്ടാൻ.

മരുത്തേററലഞ്ഞിട്ടമാവ-
രണത്തിന്നടിയിൽ
സ്ഫുരിച്ചതാമവളുടെ
പാദപാണികൾ.

മുന്നിലേയ്ക്കു നീട്ടിയതാമവ-
ളുടെ മനോജ്ഞമാം
പൊന്നുകൈത്തണ്ടുകളിലായ്
കണ്ടാൻ നഗ്നമായ്!

നിശയുടെ നിശ്വാസത്തിൽ
പാറിക്കളിച്ചിതുപാരം
സുശോഭനയാമവൾ തൻ
സുഗന്ധികേശം.

കതിർചിന്നുമവളുടെ കമ-
നീയ നയനങ്ങൾ
മതിയിങ്കലെഴും താപം
വെളിപ്പെടുത്തി,

അവളുടെ തളിരൊക്കമധര-
ങ്ങളവയ്ക്കുള്ളോ-
രവശത വിറകൊണ്ടു
വിളിച്ചുചൊല്ലി!

അതിരറ്റൊരനുരാഗസമൃ-
ദ്ധിയാലായുവാവിൻ
ദൃഢചിത്തം ദീനദീന-
മലിഞ്ഞുപോയി!

പാദയുഗ്മം വിറപൂണ്ടും പാര-
വശ്യഭാരത്തിനാൽ
ഖേദനിശ്വാസമടക്കാൻ
ശ്രമിച്ചുകൊണ്ടും

വീർപ്പുമുട്ടിത്തുളുമ്പുമാ മാത്ത-
ടത്തെ തന്നിലേയ്ക്കു
ചേർപ്പതിന്നായവൻ നിജ-
കരങ്ങൾ നീട്ടി......

അല്പമവൾ പിന്നിലേയ്ക്കുവലി-
ഞ്ഞതനന്തരം തന്നി-
ലുല്പ്പൊങ്ങിടുമാനന്ദത്തി-
ന്നടിമയായി,

ഒരുകൊച്ചുദീനരോദനത്തോ-
ടുടൻ കരങ്ങളിൽ
തരുണനെപ്പൊതിഞ്ഞവ-
ളണച്ചു പുല്കി......

ഭാരമേറുമവനുടെ ലോച-
നയുഗങ്ങളപ്പോൾ-
ക്രൂരിരുളാമാവരണം
മറച്ചിരുന്നു.

അതിസുഖമയമാ മക്കിനാ
വിനെപ്പൊതിഞ്ഞെത്തു-
ന്നഖിലവും വിഴുങ്ങിനാൾ-
നിശീഥിനിയാൾ!

പ്രതിബന്ധമിടയ്ക്കു സംഭവി-
ച്ചുള്ളോരിരുളൊഴു-
ക്കതിവേഗമലച്ചാർത്തു
പിൻമടങ്ങുംപോൾ.

അവനുടെ പൊള്ളയാകും തല-
യോട്ടിൽത്തിരിച്ചുവ-
ന്നലയേററി സ്വപ്നഭാരം
ഹതയാം നിദ്ര.

വികാരാവേശിത ചിത്തനവൻ
ഞെട്ടിയുണൎന്നു, ഹാ!
പകൽ പാതിക്കൺതുറന്നു
മിഴിച്ചു നിൽപൂ!

കിഴക്കുഷസ്സിൻ തണുത്ത വെളി-
ച്ചവും പടിഞ്ഞാറു-
മുഴുതിങ്കളിൻ മങ്ങലും,
തെളിഞ്ഞു കാൺമൂ!

ശൂന്യവനവീഥി മലഞ്ഞൊരു-
വിവ ചെറവുപോലു-
മനങ്ങാതെ പരന്നെങ്ങും
കിടന്നിടുന്നു.

ഇന്നലത്തെ രാത്രിയാകും തണ-
ലിൻെറ മേല്ക്കട്ടിയാ-
മന്നാകെപ്പൊന്നൊളിയെങ്ങു
പറന്നുപോയി?

നിജനിദ്രതന്നെസ്സമാശ്വസി-
പ്പിച്ചു മൃദുസ്വരം
രജനിയെത്തഴുകിയ
കനകപൂരം,

വസുധ തൻവമ്പിച്ചതാം പ്രതാ-
പരഹസ്യാദികൾ
സ്വസന്തോഷം—ഇവയെങ്ങു
പറന്നൊളിച്ചു?

ആഴിയിൽ പ്രതിഫലിക്കും മുഴു-
തിങ്കളാത്ത തൂണ്ണ-
മാകാശച്ചന്ദ്രബിംബത്തെ
നോക്കിടുംപോലെ.

അവനുടെ മങ്ങിയതാം മിഴി-
രണ്ടും ശൂന്യമായി-
ട്ടാവെറും കാഴ്ചകളതാ
നോക്കിനില്ക്കുന്നു!

മാനുഷിക മധുരാനുരാഗ
ദേവതയവനൊ-
രാനന്ദക്കിനാവു നല്കി
സുഷുപ്തിയിങ്കൽ

അവനൊ ഹാ! കഷ്ട! മെന്നാലവൾ
തിരിഞ്ഞെടുത്തല്ലോ-
രനർഘസംഭാവനയെ
ച്ചവുട്ടിത്താഴ്ത്തി!!

പരക്കമാനിഴലിനെ പാരമു-
    ല്ലണ്ടയാന്നവൻ
പരിഭ്രാന്തനായിട്ടില്ലോറം
    പിന്തുടരുന്നു

സ്വപ്നത്തിൻെറ സ്വർഗ്ഗസീമ കട-
    ന്നത്തു മറഞ്ഞുപോയ്
നിഷ്ഫലമവിടെയെത്താ-
    നവൻെറ മോഹം.

തുമുഖലം കരതലം മനോ-
    ഹരം കളേബരം
കോമളനിശ്വാസം കഷ്ടം!
    ഹാ! ചതിച്ചില്ലേ?!!

പോയി, പോയി, കഷ്ടമെന്നെന്നേയ്ക്കു-
    മായിപ്പരന്നുപോയ്
വഴിയറേറാരുറക്കത്തിൻ
    മരുപ്പരപ്പിൽ;

ആ മനോജ്ഞാകാരം,—നിദ്രേ, നിഗ്രൂ-
    ഢമാം നിൻെറ നാക-
സാമ്രാജ്യത്തിലെത്തിയെന്നും
    വിഹരിപ്പാനായ്

വരുന്നതിന്നാമരണത്തിൻെറ
തണുത്തതായിട്ടു-
മിരുൾക്കവാടത്തിൽക്കൂടി-
ക്കടക്കരുതോ?

ഉന്നതമായ് നിന്നിടുന്ന ശൃംഗ-
ങ്ങളും മഴവില്ലു
മിന്നിടുന്ന മഞ്ജുമേഘ-
ശകലങ്ങളും

പ്രതിബിംബിച്ചിടുംതെളിത്തടാക-
ത്തിൻ ശാന്തതയി-
ന്നതിയായിട്ടിരുണ്ടനീർ
ച്ചുഴിയിലേയ്ക്കോ,

നയിപ്പതു കഷ്ടം! കഷ്ടം! പകലി-
ൻെറ ചൂടുനല്കും
വെയിൽ നാളം മറയ്ക്കുന്ന
മൂടൽമഞ്ഞിനാൽ,

മൂടപ്പെട്ടതാകും ശവകുടീ-
രം മരിച്ചകണ്ണു-
മൂടിക്കെട്ടി മന്ദമന്ദം
നയിപ്പതെന്നാൽ,

നിദ്രേ, നിൻെറ സുഖസമ്പൂർണ്ണമായ്
 മിന്നിത്തിളങ്ങീടും
സ്വർഗ്ഗസാമ്രാജ്യത്തിലേയ്ക്കു-
 തന്നെയല്ലല്ലി?

ഏവമൊരു ശങ്കപെട്ടെന്നവ-
 നുടെ ഹൃദയത്തിൽ
പ്രവഹിപ്പാനാരംഭിച്ചാൻ
 വേഗതയോടെ!

അതന്നേരമുണർത്തിയോരസം-
 തൃപ്തമാകുമാശ
നിരാശപോൽത്തലച്ചോറിൽ
 ത്തുളഞ്ഞുകേറി!

* * *

—ഷെല്ലി.

# ഭാനുമതി

"അവളെക്കുറിച്ചെങ്ങാനോക്കി,ലപ്പോ-
ളറിയാതെൻ കണ്ണു നിറഞ്ഞുപോകും.

കനകാംഗിതൻ കഥയത്രമാത്രം
കദനവിധാരിതമായിരുന്നു.

അതിനെക്കുറിച്ചുള്ളോരോർമ്മപോലു-
മസഹനീയാഘാതമായിരുന്നു.

"സ്മരണയിലാമുഗ്ദ്ധ കല്പപുഷ്പം
പരിമളം വീശുമെൻ സ്വപ്നബന്ധം

വെറുമൊരു ചാപല്യമെന്നുമാത്ര-
മൊരുപക്ഷേ നിങ്ങൾക്കു തോന്നിയേക്കാം!..."

ചൊകചൊകപ്പൽപാല്പം മാഞ്ഞുമാഞ്ഞ-
ങ്ങകലത്തു, മങ്ങിയോരന്തി വിണ്ണിൽ

ഇരുളും വെളിച്ചവും ഞങ്ങളെപ്പോ-
ലൊരുമിച്ചിരുന്നെന്തോ ചൊന്നിരുന്നു.

അവർതൻ രഹസ്യവുമീവിധമൊ-
രനുരാഗ സങ്കടമായിരിക്കാം.

ഉദിതാശ്രുബിന്ദുക്കളൊപ്പിയൊപ്പി
മദനനെന്നോട്ടു തുടൎന്നു വീണ്ടും.—

"കളിയല്ല ഗംഗേ, ഞാനെത്രമാത്രം
കരയാതിരിക്കുവാൻ നോക്കിയെന്നോ?

ഫലമില്ല!—പിന്നിനിയെന്തു ചെയ്യാം?
'തലവിധി'യെ,ന്നെങ്ങാനാശ്വസിക്കാം!"

"ഒരു ശരൽക്കാലത്തുഷസ്സിൽ, ഞാന-
സ്സുരലോകസ്വപ്നത്തെക്കണ്ടുമുട്ടി.

ഒരു വെറും സൗന്ദൎയ്യമല്ലതേതോ
നിരവദ്യസായൂജ്യമായിരുന്നു.

കുളിരുടൽത്തൈത്തവല്ലിയാകമാനം
തളിരിട്ട യൌവ്വനസ്വപ്നവൎണ്ണം

മഴവില്ലിനെപ്പോൽ മനംകവൎ, ന്നെൻ
മിഴികൾക്കൊരുത്സവമായിമിന്നി.

"കുളികഴിഞ്ഞീറനോടമ്പലത്തി-
ലളിവേണി പോവുകയായിരുന്നു.

പുറകിൽ, നിതംബം കവിഞ്ഞുലഞ്ഞ
പുരികഴൽക്കെട്ടിൻ നടുവിലായി

സുരഭിലസംഫുല്ലസുന്ദരമാ-
മൊരു ചെമ്പനിരലരുല്ലസിച്ചു;

കവിതൻ കരളിലഴൽപ്പരപ്പിൽ
കതിരിടും കല്പനാശകതിപോലെ!

"പരമേശ പാദാച്ചനാത്ഥകമാം
പല പല പൂക്കളിയന്നതാലം

വിലസി,യാവിശ്വവിമോഹിനി തൻ
വികസിത വാമകരാഞ്ചലത്തിൽ.

അനുപദം നൂപുരലോലനാദ-
മനുഗമിച്ചീടുമാറാവിലാസം.

അരികിലരികിലണയും തോറു-
മൊരുമിന്ന, ലെന്തോ, കിളന്നിതെന്നിൽ!

"ഭുവനപ്രണയങ്ങളാകമാന-
മെവിടെത്തുടങ്ങുന്നവെന്ന സത്യം.

അതിലജ്ഞനാമെന്നിക്കന്നു,വന്നെ-
ന്നനുഭവസാരം വിശദമാക്കി.

അറിയാമോ, ഗംഗേ, നിനക്കെവിടാ-
ണനുരാഗവല്ലിതൻ ബീജമെന്നായ്?

പറയാം ഞാൻ......കൺമുനക്കോണിലാണ-
പ്പരമനിർവ്വാണലസൽസ്ഫുലിംഗം.

നയനാഞ്ചലങ്ങളിടഞ്ഞുപോയാൽ
നവരാഗനാടക നാന്ദിയായി!

മൃദുലപ്രണയമപാംഗമാർഗ്ഗം
ഹൃദയത്തിൽ വീണോരോ വേരുപൊട്ടും

അതു,പിന്നെ,ക്കാലാനുകൂല,മോരോ
പുതുതളിർ പൊട്ടിപ്പടർന്നുകൊള്ളും.

"കഥനീട്ടുന്നെന്തി,നക്കാല്യകാല-
കമനീയകാമദസ്വപ്നരംഗം

അകതാരിൽ ഞങ്ങൾക്കു രണ്ടുപേർക്കു-
മനുഭൂതി വർഷിപ്പതായിരുന്നു.

അതുമുതൽക്കെന്നെയത്തയ്യലാളു-
മവളെയീ ഞാനും ഭജിച്ചുവന്നു.

പലപലദർശനംകൊണ്ടു മേന്മേൽ
പരിചയവല്ലി തഴച്ചുപോന്നു.

അലമാത്മബദ്ധരായ് തെല്ലുനാളി-
ലനുരാഗശൃംഖലകൊണ്ടു ഞങ്ങൾ.

"അവളൊരു മാന്യധനേശ്വരൻ ത-
ന്നരുമയാമേക സന്താനവല്ലി—

നിരഘഗുണോൽക്കരശ്രീ നികേത-
നിരുപമ സൗഭാഗ്യ കൽപവല്ലി—

അവളൊരു നിസ്സാരയാചകനി-
ലനുരക്തയായിക്കഴിയുകെന്നോ?

അമലാംബരത്തിലെത്താരകം വ-
ന്നടിയിലെപ്പൂഴിയെ പുൽകുകെന്നോ?

അവമാനഭീരുവാം ലോകമെമ്മ-
ട്ടതുകണ്ടു ചുമ്മാ സഹിച്ചിരിക്കും?—

അഥവാ, വിചിന്തനാതീതമാകു-
മതു, ലോകമെമ്മട്ടനുവദിക്കും?

"അകലത്തു പല്ലുമിറുമ്മി നിൽക്കു-
മലിവററ നീതിതൻ മുന്നിൽ, ഞങ്ങൾ

അപരാധികളായനു നിമേഷ-
മപജയോൽഭീതരായാവസിച്ചു."

"നവചന്ദ്രികയിൽ കുളിച്ചുനിൽക്കും
നയനാഭിരാമ നിശീഥിനികൾ

പലതുമപ്പൂമണിമാളികതൻ
പടിവാതിലൂടേ കടന്നുപോയി.

അവയിൽ ചിലതിൽ, തളർന്നുലോക-
മതി സുഖനിദ്രയിലാണ്ടിരിക്കെ

പ്രണയസ്വരൂപിണീതൻ മുറിയി-
ലണയുമാറുണ്ടു ഞാൻ ഗൂഢമായി!

“ഹൃദയം പകർന്നു പകർന്നു ഞങ്ങൾ
മതിമറന്നാ ഗൂഢനിർവൃതിയിൽ

മുഴുകിയും മുങ്ങിയും നേർത്ത രണ്ടു
മുരളീരവങ്ങൾ പോലുല്ലസിച്ചു.

‘പറയട്ടേ, ഭാന്ദ്ര, ഞാ’നോമലാളോ-
ടരുളാറുണ്ടന്നു ഞാനാർത്തരാഗം;

‘അനുയോജ്യമല്ല നിനക്കുതെല്ലു-
മനുരാഗബന്ധമിതോമലാളേ!

വെറുമൊരുഭിക്ഷുവിൻ കുമ്പിളിൽ, നിൻ
വിലപെറും ജീവിതരത്നമാല്യം

അതുലേ, നീ, യേവം വലിച്ചെറിഞ്ഞാ-
ലതു മഹാ സാഹസമായിരിക്കും.

വിവരവും ബുദ്ധിയുമുള്ളലോകം
വിപരീതം ഭാവിപ്പതല്ലകററം

ഒരു വെറും പട്ടിണിക്കാരനോ നിൻ
പ്രണയസാമ്രാജ്യൈക സാർവ്വഭൗമൻ?

അതുതേവം ചാപലമോമലേ, ഞാൻ
പറയുന്നകേൾക്കു, കെൻഭാനുവല്ലേ!

—ഒരു മഹാഭാഗ്യവാൻ, വിത്തനാഥൻ
കിരണമേ, നിന്നെപ്പരിഗ്രഹിക്കും.

അതുനിൻ ജനകൻെറ മാനസത്തി-
ലമൃതം തളിക്കുന്നതായിരിക്കും.

സ്വയമതുകൊണ്ടിനിസ്സാദ്ധ്യമാകിൽ
ദയവുചെയ്തെന്നെ മറക്കണം നീ!'

['മരണം വരെയ്ക്കിനി മററൊരാളെ....']
മധുമൊഴി തേങ്ങിക്കരഞ്ഞു ചൊല്ലും

അതുകണ്ടാ,ലാ മൊഴികേട്ടുപോയാ-
ലറിയാതകത്തൊരു മിന്നൽ പായും;

സകലവു,മെന്നെയുംക്കൂടി, ഞാന
സ്സുമയത്തി,ലെന്തോ, മറന്നുപോകും.

ഒരുഞൊടികൊണ്ടതത്തളിരുടലെൻ
കരവലയത്തിലമർന്നുചേരും.

അവളെൻെറ മാറിൽ ശിരസ്സുചായ്ചി-
ട്ടവശയായേങ്ങലടിച്ചു കേഴും

ഹൃദയം തകർന്നെൻ മിഴികളിൽ നി-
ന്നതിരുമശ്രുക്കൾ തുടച്ചുമായി.

അതുവിധം ശോകാത്മകാർദ്രമാകും
മധുര രംഗങ്ങളിലാകമാനം

ഭുവനൈകസൗഭാഗ്യമൂർത്തി ഞാനെ-
ന്നഭിമാനമാർന്നൽപമാശ്വസിക്കും"

"പരമനിഗൂഢമായ് പാതിരയിൽ
പരിണതപ്രേമാർദ്രർ ഞങ്ങളേവം

ഒരുമിച്ചുചേരും രഹസ്യമെല്ലാ-
മൊടുവിലെല്ലാരുമറിഞ്ഞുകൂടി.

ഞൊടിയിലാലോകാപവാദഘോര-
വിടപാഗ്നി നീളെപ്പടർന്നുകത്തി.

അതിൽനിന്നുയർന്നു പരന്ന ധൂമ-
പ്രകരത്തിൽ ഞങ്ങൾക്കു വീർപ്പുമുട്ടി

"പരമാഭിരാമയാമോമലാളിൻ
പരിമൃദു പാണിഗ്രഹണഭാഗ്യം

പകലിരവാശിച്ചു കാത്തിരിപ്പൂ
പരശതം വിത്തേശനന്ദനന്മാർ.

ഇതുകേട്ടാൽ......ഗംഗേ, നീതന്നെയിന്ന-
സ്ഥിതിയൽപനേരമൊന്നോർത്തുനോക്കൂ!"

"കഥയൊക്കെമാറി, ..യെന്നന്തരീക്ഷം
കരിമുകിൽമൂടിയിരുണ്ടുപോയി.

ഉടനെന്നാത്മാവിനകത്തുനിന്നൊ-
രിടിവെട്ടുകേട്ടു നടുങ്ങിപ്പോയ് ഞാൻ!

വിഷമം, വിഷമ,മെൻചുററും, മയ്യോ!
വിഷവഹ്നിജ്വാലകൾ, തീപ്പൊരികൾ!

കുടിലസർപ്പങ്ങൾ, വെറും വിഷങ്ങൾ!
കുരുതിക്കളങ്ങൾ, കഠാരകങ്ങൾ!

ചുടുചോരചീററും കൊടുംകൊലകൾ!
ചുടലക്കളങ്ങൾ, ഭയങ്കരങ്ങൾ!

അതിരൂക്ഷവേതാള ഗർജ്ജനങ്ങൾ!
അവിരാമപ്രേത കോലാഹലങ്ങൾ!—

എതിരിട്ടുനിൽക്കുവാൻ ദുർബ്ബലൻ, പി-
ന്നെവിടേയ്ക്കുപോകും, ഞാനെന്തുചെയ്യും?

"പരിസരവായുവിലൊക്കയ്യൊ, മെൻ
മരണത്തണുപ്പു തുളുമ്പിനിന്നു.

പ്രതിമത്സരം കാത്തുഞാനത്തമസ്സിൻ
പ്രതികാരഘോരമാമാക്രമണം!

"മമജീവിതാപായശങ്കയല്ലെൻ
മനതാരിനാഘാതമായതൊട്ടും;

അതുകൊണ്ടുലോകത്തിനെന്തുകിട്ടാ-
നതുവേണമെങ്കിൽ തുലഞ്ഞുപോട്ടെ!

അതിലെനിക്കൽപമില്ലാധി—പക്ഷേ
ഹൃദയാനവദ്യയാമക്കുമാരി!—

അകളങ്കരാഗ പരവശയാ-
മവളെയോർക്കുമ്പോളെന്നുള്ളുപൊട്ടി.

ഒരു പൂത്തവള്ളിക്കുടിലുപോലെ
സുരഭിയാകേണ്ടൊരജ്ജീവിതത്തെ;

പുകപിടിപ്പിച്ചഞാൻ.........എന്തു, ഞാനോ
പുരുഷൻ?........എനിക്കു തരിച്ചുഗാത്രം!

"അവളെയും കൊണ്ടുഞാൻ വല്ലിടത്തു-
മറിയാതൊരാളും, മൊളിച്ചുപോണം.

ഉയിരെന്നിലുള്ളിടത്തോളവും, ഞാൻ
സ്വയമവൾക്കാലംബമായി നിൽക്കും.

സുബലമാമീ നീണ്ടകൈകൾപോരും
സുഖമായവളെപ്പുലർത്തിടുവാൻ!

"ഇതമൊരുകത്തുന്ന ചിന്തയിലെൻ
ഹൃദയമെരിഞ്ഞു പുകഞ്ഞുനിൽക്കെ

കമനിതൻ വിശ്വസ്തഭൃത്യവന്നെൻ
കരതാരിലേയ്ക്കൊരു കത്തുനൽകി

അതിസംഭ്രമമെനിക്കേകിടുന്നോ-
രതിലിത്രമാത്രം കുറിച്ചിരുന്നു:—

"ഇരവിലിന്നാരുമൊരാളറിയാ-
തിവിടത്തിൽ നിന്നു കടക്കണം നാം.

സകലവുമച്ഛൻ ......ഭയങ്കരമാം
പക.......കൊടുങ്കാററിനു മുൻപുനമ്മൾ

സ്വയമകന്നീടുകിൽ രക്ഷകിട്ടാം....
ഭയമുണ്ട്....കാണണം പാതിരയിൽ........"

ഞൊടികൊണ്ടൊരായിരം കൊള്ളിമീനെ-
ന്നുടലിലൊന്നോട്ടുളിയിട്ടു പാഞ്ഞു.

ചപലാപശങ്കകൾപോയി....കാര്യ-
പ്രകടകമന്മോൽസുകമായി ചിത്തം!........"

*　　　　*　　　　*

അതിതീവ്രസ്തോഭവിരാമതുല്യം
മദനനുയർന്നൊന്നു നിശ്വസിച്ചു.

കരളിന്നടിത്തട്ടിൽ നിന്നതോരോ
ന്നരിയിട്ടു പൊങ്ങിയതായിരുന്നു.

കരിതേച്ചപോലെ ഞങ്ങൾക്കു ചുററു-
മിരുൾവന്നു മൂടിക്കഴിഞ്ഞിരുന്നു.

അരികത്തൊരേകാന്ത രോദനം പോ-
ലരുവിയതെങ്ങോ തളർന്നൊഴുകി.

ഒരു കൊച്ചുരാക്കുയിൽ തെല്ലുകല-
ത്തൊരുമരക്കൊമ്പിലിരുന്നുപാടി.

തെളുതെളെ മിന്നിത്തിളങ്ങിവാനിൽ
സുലളിതരഞ്ജത താരകങ്ങൾ ...

പവനനിൽ ചാഞ്ഞോരോപച്ചിലകൾ
പരിമൃദുമർമ്മര ധാരതൂകി......

മദനന്റെ സങ്കടം കണ്ടെനിക്കും
ഹൃദയ മൽപാൽപമായ് വേദനിച്ചു.

കദനകലുഷിതമായിരുന്നാ-
ക്കഥയവൻ മന്ദം തുടൎന്നവീണ്ടും:—

പകുതിരാവായി, കൊട്ടുംതമസ്സിൽ
പരിചിലബ്ബ്രഹ്മാണ്ഡം വിണ്ണുറങ്ങി.

ലിഖിതാനുസാര, മൊളിച്ചുപോകാൻ
മുഖിതസന്നദ്ധനായ് ഞാനിറങ്ങി...

അവളെന്നെക്കാത്തുകാത്തക്ഷമയാ-
യവിടെയിരിക്കുകയായിരിക്കും.

അവളുടെ നിൎമ്മലലോലചിത്ത-
മവശമായ് ത്തേങ്ങിക്കരകയാകും.

പ്രിയകരസ്വാലയം വിട്ടുപോകാൻ
ദയനീയദുഃഖം സഹിക്കയാകും.

ഇതുവിധം ലോകത്തിലിന്നുമുണ്ടോ
മൃദുലരാഗാർദ്രമാം സ്ത്രീ ഹൃദയം?

പരമപവിത്രമതിന്റെ മുൻപിൽ
പുരുഷാഭിമാനം നമിച്ചിടേണം.

'സതി കുലഹീരമേ, ഭാനു, നിന്റെ
സഹൃദയം വീശിയ മന്ദഹാസം

വികലസൗഭാഗ്യനെൻ ജീവിതത്തിൽ
വിമലപ്രകാശത്തിൻ വിത്തുപാകി.

അതിനു ഞാൻ നൽകും പ്രതിഫലമോ
വെറുമൊരു കണ്ണുനീർത്തുള്ളിമാത്രം!—

നിരുപമേ, നിന്നെഞാൻ കണ്ടതൊട്ടെൻ
നിഖിലക്ഷതങ്ങളും മാഞ്ഞുപോയി.

നിരവദ്യേ, നിൻമുഖദർശനത്തിൽ
നിഴലുകൾ ദീപാങ്കുരങ്ങളായി.

നിരഘേ, നിൻ നിസ്തുലശക്തിയാലീ
നിഹതനെ നീയൊരു ദേവനാക്കി.

അതിനുഞാൻനൽകും പ്രതിഫലമോ
വെറുമൊരു കണ്ണീർകണികമാത്രം!—

സദയം നീ കൈക്കൊൾക തുച്ഛമാ മെൻ,
ഹൃദയോപഹാരമിതോമലാളേ!!....

അകതളിരാലേവം മർമ്മരമൊ-
ന്നലസം ഞാൻ വീശിക്കൊണ്ടാത്തശ്രദ്ധം:

മമ ഭാഗ്യതാരകമുല്ലസിക്കും
മണിമലർ മേടതൻ മുന്നിലെത്തി!.......

"കുറെദ്ദൂരെ തെക്കുവശത്തിതെന്താ-
ണെരിതീയോ, കത്തുന്ന പട്ടടയോ?—

ഒരുചൂതവൃക്ഷത്തിൻ പിന്നിലായി-
ട്ടിരുളിൽ ഞാൻ മാറിപ്പതുങ്ങിനിന്നു.

ശിവനേ, യിക്കാണുന്നതെ, ന്തിതാർതൻ
ശവദാഹ,മീ നട്ടപ്പാതിരയിൽ?—

കരിമലപോലെഴും രണ്ടുപേരു-
ണ്ടരികി,ലച്ചെന്തീച്ചിതയ്ക്കരികിൽ....

ഒരു ശബ്ദംപോലുമിയററിടാത-
ക്കരിമാടന്മാരതു നിർവ്വഹിപ്പൂ!.......

"വിഷമിച്ചിടേണ്ട നീ, ഗംഗേ, ഞാനാ
വിഷമചരിത്രം പറഞ്ഞുതീക്കാം

അവർ ദഹിപ്പിച്ചതെൻ ജീവിതത്തിൻ
ശവ—"മയ്യോ, ഞാനൊന്നഞെട്ടിപ്പോയി!

മദനന്റെറ കണ്ഠമിടറി, യെന്തോ
വദനംമുഴുക്കെ വിളർത്തുപോയി

അരുചിയെന്നോണം കവിളിണയി-
ലിരുകണ്ണീർച്ചാലു കുതിച്ചൊഴുകി."

"അവ,ളയ്യോ ഗംഗേ, മരിച്ചതല്ല
അവളെ മരിപ്പിച്ചതായിരുന്നു.

അവമാന ഭീതിയാലന്ധനായി-
ട്ടവളുടെ താതനാം വിശ്വഘോരൻ

അവളറിയാതവൾക്കാത്ത കോപ-
മഖിവെഴാതയ്യോ വിഷംകൊടുത്തു.

അവനേവം സ്വന്തരക്തത്തെയർപ്പി-
ച്ചവമാനത്തിൽ നിന്നു രക്ഷനേടി.

ഉലകറിയാതവനശ്ശരീര-
മൊരു രാത്രിക്കുള്ളിൽ വെൺ ചാമ്പലാക്കി

നിയമത്തിൻ മുഷ്ടിയിൽ നിന്നെളുപ്പം
നിജധന ശക്തിയാൽ മുക്തിവാങ്ങി.

"ഒരുവാക്കവസാനം മിണ്ടുവാനും
തരമാകാതസ്വപ്നം മാഞ്ഞുപോയി.

അകലെയ്ക്കുനോക്കുകാ നീലവിണ്ണി-
ലൊരു വെള്ളിനക്ഷത്രം കാൺമതില്ലേ?

അവളാണതെൻ പ്രിയ ഗംഗേ, ഞാനൊ-
ന്നവളെനോക്കിത്തെല്ല കേണിടട്ടെ!

അന്നദീനമന്തിയിലുജ്ജ്വലമ-
ക്കനകനക്ഷത്രമുദിച്ചുയന്നാൽ

അവളെയോത്തെൻമനം ദീനദീന-
മറിയാതെ തേങ്ങിക്കരഞ്ഞുപോകും!

അതുനോക്കു ഗംഗേ, യത്താരമെന്നെ-
യവിടേയ്ക്കു ചെല്ലാൻ വിളിക്കയല്ലേ......"

## കന്മേതിൽ

DHARMARAM COLLEGE LIBRARY, BANGALORE. 23398

അന്നൊരോമൽ 'ചിരിക്കുടുക്ക'യായ്
മിന്നിയാവനകോരകം.

അന്നെല്ലാമെൻ നിഴലുപോലവ-
ളെന്നൊടൊന്നിച്ചു പോന്നിടും.

രണ്ടുനാലല്ലൊരായിരം കൂട്ട-
മുണ്ടവൾക്കെന്നോടോതുവാൻ.

ചെമ്പകപ്പൂ പറിക്കുമ്പാൻ ഞാന-
ക്കൊമ്പു ചായ്ച്ചുകൊടുക്കണം.

ചൊന്നിടുമോരോ വത്തമാനത്തി-
നൊന്നൊഴിയാതെ മൂളണം-

ഉത്സവം കാണാനമ്പലത്തിൽ ഞാൻ
സസ്പൃഹം കൊണ്ടുപോകണം-
എന്തി,നായിരം ജോലിയാണെന്നി-
ക്കൻപിലങ്ങെങ്ങാനെത്തിയാൽ!

കാണുമ്പോഴേയ്ക്കു മോടിവന്നെത്തും
പ്രാണനാണവൾക്കന്നു ഞാൻ!

ശുഭ്രവാനിൻെറ നീലിമപോലെ
ശുദ്ധമാമൊരു സൗഹൃദം

പുഞ്ചിരിക്കൊണ്ടു നിന്നിരുന്നൊര-
പ്പിഞ്ചുമാനസം നോക്കി, ഞാൻ

സ്വച്ഛശാന്തിയിൽമഗ്നമാക്കി, ഹാ
സ്വപ്നതുല്യമെൻ ശൈശവം!!

* * *

ഒന്നുപോലെകഴിഞ്ഞവർ ഞങ്ങ-
ളിന്നു കേവലമന്യർതാൻ!

ആയിരം നവാദർശവും ചുമ-
ന്നാഗമിച്ച യുവത്വമേ!

ഹന്ത, ഞങ്ങൾക്കിടയിൽ നീതികൊ-
ണ്ടെന്തിനീ മതിൽകെട്ടി നീ?...

Printed at the Sree Rama Vilas Press, Trivandrum.

# 1962-ലെ S. R. V. പ്രസിദ്ധീകരണങ്ങൾ

DC Library
* 0 0 0 2 3 3 9 8 *
T61 C47

| | | | |
|---|---|---|---|
| എന്റെ ശകുന്തള | (നോവൽ) | | |
| പതിനഞ്ചുകാരി | ,, | | |
| തസ്കരസങ്കേതത്തിൽനിന്ന് സിംഹാസനത്തിലേക്ക് | ,, | കെ. വ | |
| മുത്തുച്ചിപ്പി | ,, | ഏവൂർ, സി. കെ. | 1 75 |
| വെള്ളിപ്പൂക്കൾ | ,, | മൊയ്തു. പടിയത്ത് | 1 50 |
| കൊലയാളി | (ഡി: നോവൽ) | വി. എസ്. വാര്യർ | 3 50 |
| നീലിമാ—നീ! | ,, | സാജൻ, കല്ലറ | 1 00 |
| ഒരുമുടി കയർ | (ചെറുകഥകൾ) | ടാററാപുരം സുകുമാരൻ | 1 50 |
| ഏട്ടത്തി | ,, | കാർത്തികേയൻ, ആലപ്പുഴ | 1 50 |
| വാടാമലരുകൾ | ,, | ജി. രാജൻ, വഴുതക്കാട് | 1 50 |
| നിർവൃതിയും നെടുവീർപ്പും | ,, | കുന്നിൽ ജോർജ്ജ് | 1 75 |
| കാത്തിരിക്കുന്ന കഥാപാത്രങ്ങൾ | ,, | പാപ്പനംകോട്ടു പ്രഭാകരൻ | 1 50 |
| കടലാനകൾ | ,, | ജോർജ്ജ് നെല്ലായി | 1 25 |
| സുന്ദരമായ നുണകൾ | ,, | ജി. പ്രേമചന്ദ്രൻ | 1 50 |
| ഓട്ടോഗ്രാഫും നീലക്കണ്ണുകളും | ,, | എരുമേലിൽ പരമേശ്വരൻപിള്ള | 1 50 |
| ബലിയാടുകൾ | (നാടകം) | കടവൂർ ജി. ചന്ദ്രൻപിള്ള | 1 00 |
| ജീവിതം വഴിമുട്ടിനില്ക്കുന്നു | ,, | ,, | 1 00 |
| എണ്ണ ഒഴിച്ചു, തിരിഅണഞ്ഞു | ,, | പി. നരേന്ദ്രനാഥ് | 1 00 |

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.





T61
C47

Indic Digital Archive Foundation
gpura.org